File No.LSGD-DC1/95/2021-LSGD

G.O.(Rt)No.961/2021/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വിവാഹം, യോഗങ്ങൾ തുടങ്ങിയ ആൾക്കൂട്ടം ഉണ്ടാകുന്ന സ്ഥലങ്ങളെ പ്രസ്തുത ചടങ്ങുകൾ നടക്കുന്നതിനു മുൻപും ശേഷവും അണുവിമുക്തമാക്കുന്നതു സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിസി) വകുപ്പ്

സ.ഉ.(സാധാ) നം.960/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/05/2021

---

പരാമർശം:- പൊതു സ്ഥലങ്ങൾ ശുചിയാക്കുന്നതും അണുവിമുക്തമാക്കുന്നതും സംബന്ധിച്ച് ചീഫ് സെക്രട്ടറി 05.05.2021-ന് വിളിച്ചുചേർത്ത യോഗതീരുമാനം

<u>ഉത്തരവ്</u>

കോവിഡ് വ്യാപനം ശക്തമായ സാഹചര്യത്തിൽ,പരാമർശത്തിലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതു സ്ഥലങ്ങൾ ശുചിയാക്കുന്നതും അണുവിമുക്തമാക്കുന്നതും സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

വിവാഹം തുടങ്ങിയ ചടങ്ങുകൾ, ബന്ധപ്പെട്ട അധികാരികൾ അനുവദിച്ച പ്രകാരമുള്ള മറ്റ് യോഗങ്ങൾ മുതലായ ആൾക്കൂട്ടം ഉണ്ടാകുന്ന സ്ഥലങ്ങളെ പ്രസ്തുത ചടങ്ങുകൾ നടക്കുന്നതിനു മുൻപും ശേഷവും അണുവിമുക്തമാക്കാൻ നടപടി

തദ്ദേശഭരണസ്ഥാപനം സ്വീകരിക്കേണ്ടതാണ്. അതുപോലെ, ഏതെങ്കിലും ഓഫീസിൽ ജീവനക്കാർക്കാർക്കെങ്കിലും കോവിഡ് രോഗം ബാധിക്കുന്ന പക്ഷം പ്രസ്തുത ഓഫീസും അണുവിമുക്തമാക്കേണ്ടതാണ്. ഈ രണ്ടു സന്ദർഭങ്ങളിലും സംഘാടകർ അഥവാ ബന്ധപ്പെട്ട ഓഫീസ് ആയിരിക്കും അണുവിമുക്തമാക്കുന്നതിന്റെ ചെലവ് വഹിക്കേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ആരോഗ്യ വകുപ്പ് ഡയറക്ടർ

എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

File No.LSGD-DC1/95/2021-LSGD

G.O.(Rt)No.961/2021/LSGD

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.

പകർപ്പ്: -

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്